**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **10-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധനവിനും തൊഴിൽ ഇടങ്ങളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ഇരിപ്പിടം അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (എ) | കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിലെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 21/12/2016-ലെ സ.ഉ.(അച്ചടി) 196/2016/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരമാണ്. ആയത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന സ്ഥാപന പരിശോധനയിലും വ്യക്തിഗതമായി ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും തൊഴിലാളികൾക്ക് മിനിമം വേതനം തൊഴിലുടമ നൽകിയിട്ടുണ്ടോ എന്നത് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) വഴിയും തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാറുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമക്കെതിരെ 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്.<br><br>2018-ലെ കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമപ്രകാരം Principal Act-ൽ സെക്ഷൻ 21 B പുതിയതായി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സെക്ഷൻ അനുസരിച്ച് തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം ഏർപ്പെടുത്തുവാൻ തൊഴിലുടമക്ക് ബാധ്യതയുള്ളതും നിയമലംഘനങ്ങൾക്ക് പിഴ ചുമത്താവുന്നതുമാണ്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ ടി വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരായി നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ